# സംസ്കാരം, സമൂഹം, ആധുനികത

കെ.ജി. പൗലോസ്

സംസ്കാരം എന്ന പദവും അതിന്റെ ആധുനികവിവക്ഷകളും മലയാളിക്ക് പുതുതാണ്. ശബ്ദതാരാവലി (1922)യുടെ ആദ്യത്തെ പതിപ്പിൽ പോലും ഒരു ജനതയുടെ സമഗ്രജീവിതരീതിയെന്ന അർത്ഥത്തിൽ സംസ്കാരമെന്ന പദം കാണാനില്ല. വൈദികമായ ആചാരാനുഷ്ഠാനങ്ങളെയാണ് സംസ്കാരമെന്ന പദം അവിടെ സൂചിപ്പിക്കുന്നത്. ഗർഭത്തിലുരുവംകൊള്ളുന്നതു മുതൽ ചിതയിലെരിയുന്നതുവരെ അനുഷ്ഠിക്കേണ്ട പതിനാറ് ക്രിയകൾക്കാണ് സംസ്കാരം എന്ന പേരുള്ളത്. ഈ ഷോഡശക്രിയകളാണ് സംസ്കാരങ്ങൾ. അവയിൽ അവസാനത്തെതായ ശവദാഹത്തിനു മാത്രമേ ഇന്ന് ആ പേരുള്ളൂ – ശവസംസ്കാരം.

ഡോ. യു. ആർ. അനന്തമൂർത്തിയുടെ പ്രസിദ്ധമായ 'സംസ്കാര' എന്ന നോവൽ പ്രതിപാദിക്കുന്ന വിഷയമിതാണ്. ബ്രാഹ്മണനായി ജനിക്കുകയും അബ്രാഹ്മണരീതിയിൽ ജീവിക്കുകയും ചെയ്ത ഒരാൾ മരിച്ചപ്പോൾ വിധിയനുസരിച്ചുള്ള സംസ്കാരത്തിന് അദ്ദേഹത്തിന് അർഹതയുണ്ടോ എന്നാണ് ആ നോവൽ പരിഹരിക്കാൻ ശ്രമിക്കുന്ന ധാർമ്മികമായ സമസ്യ. അഗ്രഹാരത്തിന്റെ ഇരുളിലേയ്ക്ക് ആധുനികതയുടെ പ്രകാശരശ്മികൾ കടന്നുചെല്ലുമ്പോൾ, ഇന്ത്യയിലെ ഏതുഗ്രാമത്തിലും, ഉണ്ടാകുന്ന അന്ധാളിപ്പായിട്ടാണ് ചരിത്രം ഈ നോവലിനെ വിലയിരുത്തിയിരിക്കുന്നത്.

## 1

സംസ്കാരം എന്ന പദം ശുദ്ധാശുദ്ധസങ്കല്പങ്ങളോട് ബന്ധപ്പെട്ടാണ് സംസ്കൃതത്തിൽ പ്രചാരത്തിലുള്ളത്. എല്ലാ ഗോത്രസമൂഹങ്ങൾക്കുമുണ്ട് അവരവരുടേതായ ശ്രേഷ്ഠതാവിചാരങ്ങൾ. പ്രാചീന ആര്യന്മാർ തങ്ങളാണ് ഏറ്റവും ഉത്കൃഷ്ടർ എന്ന് ധരിച്ചിരുന്നു. ആര്യൻ X മ്ലേച്ഛൻ എന്നൊരു ദ്വന്ദ്വപരികല്പന അവർ സൂക്ഷിച്ചുപോന്നു. അപരത്വം (otherness) ബോധപൂർവ്വം സൃഷ്ടിച്ചാണ് അവരിത് നിലനിർത്തിയത്. അപരത്വനിർമിതിക്ക് ആദ്യം അവരെടുത്തത് വർണ്ണമായിരുന്നു – ഞങ്ങൾ വെളുത്തവർ X അപരർ കറുത്തവർ; ശുദ്ധഭാഷ സംസാരിക്കുന്നവർ ഞങ്ങൾ X പ്രാകൃതം പറയുന്നവർ അപരർ; കുളിച്ചു ശുദ്ധരായവർ ഞങ്ങൾ X ചെളിപുരണ്ടവർ അപരർ, ബുദ്ധികൊണ്ട് പണിയെടുക്കുന്നവർ ഞങ്ങൾ X കൈകൊണ്ട് മണ്ണിൽ പണിയുന്നവർ അപരർ. ചുരുക്കത്തിൽ, ഞങ്ങൾ സംസ്കൃതർ X അവർ അസംസ്കൃതർ. രസകരമായ വസ്തുത ഇതാണ് – വിദേശികളുമായി ബന്ധപ്പെട്ടപ്പോൾ, അവർ തങ്ങളെക്കാൾ നിറത്തിലും ബുദ്ധിയിലും കേമന്മാരാണെന്ന് അംഗീകരിക്കുമ്പോഴും, അവരെയും മ്ലേച്ഛന്മാരായിട്ടാണ് നമ്മുടെ പൂർവികർ കരുതിയത് – 'യവനാസ്തു മ്ലേച്ഛാഃ' തങ്ങളൊഴിച്ചുള്ളവരെല്ലാം മ്ലേച്ഛർ; അതുകൊണ്ട് അസ്പൃശ്യർ.

അപരത്വനിർമ്മിതിയിലൂടെ ആര്യന്മാരും മ്ലേച്ഛന്മാരുമായി സമൂഹം രണ്ടായി പിരിഞ്ഞു. ഈ സമൂഹങ്ങൾ തമ്മിലുള്ള സങ്കരത്തെ പ്രാചീനാര്യന്മാർ ഏറെ ഭയന്നിരുന്നു. സങ്കരമുണ്ടാകാതിരിക്കാൻ രണ്ടുകാര്യങ്ങളാണ് അവർ ചെയ്തുവെച്ചത് – ഒന്ന്, ജാതിവ്യവസ്ഥ, മറ്റൊന്ന്, സ്ത്രീകൾക്ക് നിയന്ത്രണം. ജാതിവ്യവസ്ഥ ആര്യസമൂഹത്തിൽ തന്നെ മൂന്ന് ശ്രേണികൾ സൃഷ്ടിച്ചു – ഏറ്റവും മുകളിൽ ബ്രാഹ്മണർ, തൊട്ട് താഴെ ക്ഷത്രിയൻ, അവസാനത്തെ പടിയിൽ വൈശ്യർ. ഈ ത്രൈവർണ്ണിക സമൂഹത്തെ പരിചരിക്കാൻ ശൂദ്രൻ. പടവുകളുണ്ടെങ്കിലും ഇവർ നാൽവരും ശ്രേഷ്ഠർ; ഇതിൽപ്പെടാത്ത ബഹുഭൂരിപക്ഷം വരുന്ന അപരർ മ്ലേച്ഛർ. അവരുമായി സംസർഗ്ഗമരുത്. തൊടരുത്, തീണ്ടരുത്, കാണുക പോലും അരുത്. നിഴൽ തീണ്ടിയാൽ പോലുമുണ്ടാകും പിഴ.

സങ്കരമുണ്ടാകുന്നത് സ്ത്രീകളിലൂടെയാണ്. രക്തശുദ്ധി സൂക്ഷിക്കേണ്ടത് സ്ത്രീയാണ്. അതിനുവേണ്ടി അനേകം വിലക്കുകൾ സ്ത്രീക്കെതിരെ ഏർപ്പെടുത്തി. ഋതുവാകും മുമ്പ് വിവാഹം കഴിഞ്ഞിരിക്കണം. പിതൃഗൃഹത്തിൽ പുത്രി ഋതുവായാൽ പിതാവ് നരകത്തിൽ പോകും. വിധവയായാൽ പുനർവിവാഹം വയ്യ, സതി അനുഷ്ഠിക്കുന്നത് ഉത്തമം. രസകരമായ കാര്യം, ഇത്തരം നിയന്ത്രണങ്ങൾ പുരുഷനില്ല എന്നതാണ്. അവനിലൂടെ അശുദ്ധരക്തം കലരുന്നത് അന്യകുലങ്ങളിലേക്കാണ്; അത് തങ്ങളുടെ ശുദ്ധിയെ ബാധിക്കുന്നില്ല. ഇത്തരം ശാസനകൾക്ക് പിന്നിൽ വ്യക്തമായ സാമ്പത്തിക താത്പര്യങ്ങളുണ്ട്. ഉദാഹരണത്തിന് കേരളത്തിൽ മൂത്തപുത്രന് മാത്രം വേളി, അപ്ഫന്മാർക്ക് സംബന്ധം എന്ന് നിഷ്കർഷിച്ചത് പരശുരാമൻ ഏല്പിച്ച ഭൂമി വീതംവെച്ചുപോകാതിരിക്കാനാണ്. ഈ ആചാരമാണ് നൂറ്റാണ്ടുകളോളം കേരളത്തിൽ ജന്മിത്വത്തെ നിലനിർത്തിയത്.

പെൺകുട്ടികൾക്ക് ചുറ്റും പണിതുയർത്തിയ മതിൽ അവളുടെ സുരക്ഷയ്ക്ക് വേണ്ടിയാണെന്നാണ് പുറമെയ്ക്ക് പറഞ്ഞതെങ്കിലും സ്ത്രീകളെ ചൊൽപ്പടിക്ക് നിറുത്തുക എന്നതായിരുന്നു നിഗൂഢലക്ഷ്യം. സ്ത്രീകൾക്ക് വിദ്യാഭ്യാസം നിഷേധിക്കാൻ ബാലവിവാഹം ഒഴിവുകഴിവായി. കർണ്ണാടകത്തിൽ 11–ാ നൂറ്റാണ്ടിൽ ബസവണ്ണയുടെ നേതൃത്വത്തിൽ വലിയ ഒരു മുന്നേറ്റം നടന്നു. യാഥാസ്ഥിത ബ്രാഹ്മണകുടുംബത്തിലെ അംഗമായിരുന്നു ബസവണ്ണ. ബാല്യത്തിൽ അച്ഛൻ മകന്റെ ഉപനയനത്തിന് ഒരുക്കങ്ങൾ ചെയ്തു. ചേച്ചിക്ക് ഉപനയനമില്ലാത്തതെന്താണെന്ന് ബാലന് ശങ്ക. പിതാവിന് ശുണ്ഠി വന്നു. ചേച്ചിക്കില്ലാത്തത് തനിക്കും വേണ്ടെന്നായി കുട്ടിയുടെ ശാഠ്യം. പിൽക്കാലത്ത് പൗരോഹിത്യത്തിനെതിരെ പട നയിക്കുന്നതിന് ബസവണ്ണയ്ക്ക് പരിശീലനം കിട്ടിയത് വീട്ടിൽ നിന്നായിരുന്നു!

കേരളീയസമൂഹത്തിന്റെ അന്തർഘടന ഏറെക്കാലം ഇത്തരത്തിലുള്ളതായിരുന്നു. മേല്പാടയിലുള്ളവരുടെ ശുദ്ധാശുദ്ധസങ്കല്പങ്ങളാണ് സമൂഹത്തെ നയിച്ചത്. ഭൂരിഭാഗം വരുന്ന കീഴാളർക്ക് നാവുകളില്ലായിരുന്നു. അതുകൊണ്ട് സംസ്കാരത്തെ സംബന്ധിച്ച സങ്കല്പം രൂപപ്പെടുത്തിയത് ത്രൈവർണ്ണികരുടെ മൂല്യബോധമായിരുന്നു. ശ്രേഷ്ഠവിഭാഗത്തിന്റെ ആവിഷ്കാരങ്ങളായിരുന്നു സംസ്കാരത്തിന്റെ മാതൃകകൾ. അങ്ങനെയാണ്

സംസ്കാരം എന്ന സങ്കല്പം അടുത്തകാലംവരെ വരേണ്യതയോട് ബന്ധപ്പെട്ട് നിലനിന്നത്. ജന്മത്തെ അടിസ്ഥാനപ്പെടുത്തിയാണല്ലോ ജാതിസമൂഹത്തിൽ ശ്രേഷ്ഠത കണക്കാക്കുന്നത്. ഇന്നും നിലനിൽക്കുന്നുണ്ട് ഇത്തരം ധാരണകൾ – അഭിജാതമായ സദസ്സ്, കുലീനമായ പെരുമാറ്റം എന്നൊക്കെ വ്യവഹരിക്കുമ്പോൾ സദസ്സിന്റെയും പെരുമാറ്റത്തിന്റെയുമൊക്കെ മാന്യതയുടെ മാപകമായി നിൽക്കുന്നത് ജന്മം തന്നെയാണ്. കീഴ്ജാതിക്കാരന് മാന്യത പാടില്ല.

ആഭിജാത്യവും കുലീനതയുമൊന്നുമല്ല സംസ്കാരത്തിന്റെ മാനദണ്ഡങ്ങളായി ഇന്നു നാം കണക്കാക്കുന്നത്. ഒരു ജനതയുടെ സമഗ്രമായ ജീവിതരീതിയാണ് ആ സമൂഹത്തിന്റെ സംസ്കാരം. ദൈനംദിന ജീവിതത്തിന്റെ എല്ലാ മേഖലകളെയും അത് ബാധിക്കുന്നു. കേരളീയ സമൂഹത്തിന്റെ ഘടനയിലുണ്ടായ മാറ്റമാണ് സംസ്കാരസങ്കല്പത്തെ ഇത്തരത്തിൽ അട്ടിമറിച്ചത്, അതിന് വഴിവെച്ചത് നവോത്ഥാനവും; നവോത്ഥാനത്തിന് തിരിതെളിയിച്ചതോ ആധുനികതാബോധവും.

2

ആധുനികത തുടങ്ങുന്നതെന്ന് മുതലാണ് ? സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന മുദ്രാവാക്യമുയർത്തിയ ഫ്രഞ്ച് വിപ്ലവം (1789) മുതലാണോ? അതോ അടിമകളെ വിമോചിപ്പിച്ച എബ്രാഹാം ലിങ്കന്റെ കാലം (1809–1865) മുതലോ? ലിങ്കന്റെ പ്രസിദ്ധമായ ജെറ്റിസ്ബർഗ് പ്രസംഗം അവസാനിക്കുന്നത് 'Government of the people, by the people, for the people shall not perish' എന്ന ഉദാത്തമായ ഉദ്ബോധനത്തോടെയാണല്ലോ. ബൃഹത്തായ പതിനൊന്നു വാല്യങ്ങളിൽ ലോകനാഗരികതയുടെ കഥപറഞ്ഞ വിൽഡൂറന്റ് (The story of civilization - Will Durant and Ariel Durant) ഗലീലിയോയുടെ കാലം വിവരിക്കുന്ന ഏഴാം വാല്യത്തിന് നൽകിയ ശീർഷകം The Age of Reason Begins എന്നാണ്. പതിനേഴുവരെയുള്ള നൂറ്റാണ്ടുകൾ വിശ്വാസത്തിന്റെ കാലമാണ്; ഇരുളടഞ്ഞതാണ്. യുക്തിബോധത്തോട് ബന്ധപ്പെട്ടാണ് ജ്ഞാനോദയം ഉണ്ടായത്. ശാസ്ത്രയുഗത്തിന്റെ ആരംഭമാണത്. ശാസ്ത്രബോധമാണോ ആധുനികതയുടെ കൈത്തിരി തെളിച്ചത്? അതോ 'ബൂർഷ്വാസിയുടെ മരണവാറന്റ്' എന്ന് വിശേഷിപ്പിക്കപ്പെടുന്ന മൂലധന (1857)വും മനുഷ്യന്റെ ജൈവമായ വളർച്ചയെ വിവരിക്കുന്ന ഡാർവിന്റെ പരിണാമസിദ്ധാന്ത (1862) വും ആവിഷ്കരിക്കപ്പെട്ടപ്പോഴോ? ലോകത്തെ പിടിച്ചുകുലുക്കുകയും ജ്ഞാനമണ്ഡലത്തെത്തന്നെ അട്ടിമറിക്കുകയും ചെയ്തവയാണ് ഇത്തരം ചിന്താധാരകൾ. ഒരുപക്ഷേ, ഇവയെല്ലാം കൂടിച്ചേർന്നു മനുഷ്യന്റെ മനോമണ്ഡലത്തിലുണ്ടായ വിസ്ഫോടനങ്ങളാകാം ആധുനികതാബോധത്തെ സൃഷ്ടിച്ചത്. വസ്തുസ്ഥിതി എന്തായാലും, ഇതൊന്നും നമ്മെ ബാധിച്ചില്ല. കടൽ കടന്നാൽ ഭ്രഷ്ടാകുമെന്ന ഭയത്തിൽ കടൽ കടന്നെത്തുന്ന ആശയങ്ങളെയും നാം തിരിഞ്ഞുനോക്കിയില്ല. കൃത്രിമമായ ഒരു comfort - zone സൃഷ്ടിച്ച് അതിൽ അഭിരമിച്ചു കഴിയുകയായിരുന്നു നാം. ന്യൂനപക്ഷമായ മേലാളർ ആഢ്യത്വത്തിന്റെയും ജന്മിത്വത്തിന്റെയും സുഖലോലുപതയിൽ, ബഹുഭൂരിപക്ഷം വരുന്ന അപരർ അടിമത്തത്തിന്റെ

സുഖശീതളമായ ആലസ്യത്തിലും. കല്ലിച്ച ഈ സമൂഹഘടനയിൽ ആദ്യമായി വിള്ളൽ വീഴ്ത്തിയത് അടിമത്തം നിരോധിക്കുന്ന വിദേശസർക്കാരിന്റെ ഉത്തരവാണ്. 1853-ൽ കൊച്ചിയിൽ നിയമം പ്രാബല്യത്തിൽ വന്നു. അതോടെ നാടുനീളെയുണ്ടായിരുന്ന അടിമച്ചന്തകൾ ഇല്ലാതെയായി. ചങ്ങലയിട്ട് പത്തും നൂറും അടിമകളെ - പുരുഷന്മാരേയും സ്ത്രീകളേയും - ചാട്ടവാറുകൾ വീശി വിൽക്കാൻ ചന്തകളിലേയ്ക്ക് കൊണ്ടുപോകുന്ന, മേലാളർക്ക് നയനാനന്ദകരമായ കാഴ്ച, കേരളത്തിൽ ഇല്ലാതെയായി. മാനവികതയുടെ ആദ്യരശ്മികൾ മലയാളിയുടെ മനസ്സിൽ ഒളിവീശിയ സംഭവമായിരുന്നു മഹത്തായ ഈ നിരോധനപ്രഖ്യാപനം.

ഭാരതീയനവോത്ഥാനത്തിന്റെ പിതാവായി കണക്കാക്കാറുള്ളത് രാജാറാം മോഹൻറായി (1772-1833) യെയാണ്. പാശ്ചാത്യവിദ്യാഭ്യാസം നടപ്പാക്കുന്നതിനും സതിപോലുള്ള അനാചാരങ്ങൾ നിർത്തലാക്കുന്നതിനും അദ്ദേഹം നേതൃത്വംനൽകി. സ്വാമിവിവേകാനന്ദൻ, ദയാനന്ദസരസ്വതി, ജ്യോതിബാ ഫൂലേ, ഇ.വി. രാമസ്വാമി നായ്ക്കർ തുടങ്ങിയ നേതാക്കൾ വിവിധ സംസ്ഥാനങ്ങളിൽ ഇത്തരം നവീകരണപ്രവർത്തനങ്ങൾക്ക് തുടക്കമിട്ടു. ജാതിവ്യവസ്ഥയിൽ മരവിച്ച് കല്ലായിപ്പോയ ഭാരതീയചേതനയെ തൊട്ടുണർത്താൻ ഈ പ്രവർത്തനങ്ങൾ സഹായിച്ചു. ഭാരതത്തിലെ മേല്പാടയിലുള്ളവരിൽ ഒരു ലിബറൽ മനോഭാവം വളർത്തിയെടുത്തു നവീകരണശ്രമങ്ങൾ. എന്നാൽ നവോത്ഥാനമെന്ന് ഇതിനെ വിളിക്കാൻ വിഷമമുണ്ട്. സദുദ്ദേശത്തോടെയുള്ള പരിഷ്കരണശ്രമങ്ങളായിരുന്നു ഇവയെല്ലാം തന്നെ. ജാതിവ്യവസ്ഥയെ ഉലയ്ക്കാൻ ഇവയ്ക്ക് കഴിഞ്ഞു. എന്നാൽ സമൂഹത്തിന്റെ നിലവിലുള്ള ഘടനയെ ഇളക്കണമെന്ന് നവീകരണനായകർ ഉദ്ദേശിച്ചിരുന്നില്ല. രണ്ടു ദൗർബല്യങ്ങളുണ്ടായിരുന്നു ഈ പ്രവർത്തനങ്ങൾക്ക്. ഒന്ന്, സമൂഹത്തിന്റെ ഉപരിതലത്തിൽ താത്കാലികമായി ചില നുരയും പതയും ഉയർത്താനേ ഇവയ്ക്ക് കഴിഞ്ഞുള്ളൂ. രണ്ട്, മഹാരാഷ്ട്രയിൽ ഒഴിച്ച് കീഴാളജനതയുടെ പങ്കാളിത്തം, കാർതൃത്വം പോകട്ടെ, ഈ പ്രവർത്തനങ്ങൾക്ക് ഉണ്ടായിരുന്നില്ല. മാത്രവുമല്ല മുൻനിരയിൽ നിന്നവരിൽ പലർക്കും ലക്ഷ്യങ്ങൾ പലതായിരുന്നു. ദയാനന്ദസരസ്വതി ആഗ്രഹിച്ചത് വൈദികകാലത്തിന്റെ പ്രത്യാനയനമാണ്. പുനരുദ്ധാരണവാദ(revivalism)മാണിത്. രാജാറാം മോഹൻറായിയേപ്പോലുള്ളവരുടെ ലക്ഷ്യം പ്രാകൃതമെന്ന് അവർ കരുതിയ ആചാരങ്ങളെ നിരാകരിച്ച് സമൂഹത്തെ നവീകരിക്കുക എന്നതായിരുന്നു. ഇവരാരും സമൂഹത്തിന്റെ അന്തർഘടനയിൽ മാറ്റമുണ്ടാക്കണമെന്ന് ആഗ്രഹിച്ചില്ല, മാത്രവുമല്ല തങ്ങളുടെ comfort zone അങ്ങനെതന്നെ തുടരുമെന്ന് ഉറപ്പുവരുത്തുകയും ചെയ്തു. അതുകൊണ്ട് നവീകരണത്തെ (reformation) നവോത്ഥാനമെന്ന് മുദ്രകുത്തുന്നത് സൂക്ഷിച്ചുവേണം.

എന്നാൽ, കേരളത്തിൽ നടന്നത് നവീകരണമോ പുനരുദ്ധാരണമോ അല്ല, നവോത്ഥാനമാണ്. കീഴാളജനതയ്ക്കായിരുന്നു അതിന്റെ കർതൃത്വം, സമൂഹത്തിലെ എല്ലാ അടരുകളിലുള്ളവരും അതിനോട് സഹകരിച്ചു. നിലവിലുള്ള സമൂഹഘടനയെ

അടിച്ച് തകർത്തു പുതിയ ഒന്നിനെ സൃഷ്ടിച്ചു, കേരളത്തിൽ നവോത്ഥാനം. എം ടിയുടെ 'നാലുകെട്ട്' എന്ന നോവൽ കേരളത്തിന്റെ സമൂഹഘടനയിലുണ്ടായ മാറ്റത്തിന്റെ നല്ലൊരു പ്രതീകമാണ്. കാരണവർ ആവശ്യപ്പെട്ടതനുസരിച്ച് അപ്പുണ്ണി അഞ്ഞൂറ് രൂപ നൽകിയിരുന്നെങ്കിൽ അദ്ദേഹമത് കടം വീട്ടാനും തറവാടൊന്ന് പുതുക്കിമേഞ്ഞു കുമ്മായം തേയ്ക്കാനും ഉപയോഗിക്കുമായിരുന്നു. വടക്കേപ്പാട്ട് തറവാട് മുഖംമിനുക്കി അങ്ങനെതന്നെ നിൽക്കുമായിരുന്നു. അതൊരു പുനരുദ്ധാരണപ്രവർത്തനമേ ആകുമായിരുന്നുള്ളൂ. അപ്പുണ്ണിക്ക് വേണ്ടിയിരുന്നത് അതല്ല. പരദൈവങ്ങളെ കുടിയിരുത്തിയ, പ്രേതാത്മക്കൾ വിഹരിക്കുന്ന, എട്ടുകാലിയും നരിച്ചീറും നിറഞ്ഞ നാലുകെട്ട് തറപോലും ശേഷിക്കാതെ പൊളിച്ചുകളഞ്ഞ് ആ സ്ഥാനത്ത് കാറ്റും വെളിച്ചവും കടക്കുന്ന ഒരു കൊച്ചുവീട് പണിത് അമ്മയോടൊപ്പം അരുടേയും വിലക്കുകളില്ലാതെ, വല്യമ്മാമന്റെ ശാപവാക്കുകൾ കേൾക്കാതെ, ശാന്തമായി അവിടെ കഴിയണം. നവോത്ഥാനത്തിന് മുൻപുള്ള കേരളമാണ് വടക്കേപ്പാട്ടെ നാലുകെട്ട്, ആധുനികകേരളമാണ് അപ്പുണ്ണി പണിത പുതിയവീട്. നവോത്ഥാനം കേരളീയ സമൂഹത്തിൽ വരുത്തിയ മാറ്റമിതാണ്, അതൊരു പരിഷ്കരണമായിരുന്നില്ല, സമഗ്രമായ അഴിച്ചു പണിയായിരുന്നു.

3

ജൈവമായ സമൂഹത്തിൽ നവോത്ഥാനമെന്നത് ഒരു തുടർപ്രക്രിയയാണ്. എങ്കിലും കേരളീയനവോത്ഥാനത്തിന്റെ കാലം മുഖ്യമായും പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യദശകം മുതലുള്ള ഏഴു ദശകങ്ങളായിരുന്നു. അനേകധാരകളുണ്ടായിരുന്നു നവോത്ഥാനത്തിന് – സാംസ്കാരികം, ആത്മീയം, രാഷ്ട്രീയം, സാമ്പത്തികം. ഇവയൊക്കെ ചേർന്നാണ് സമൂഹത്തെ മാറ്റിയെടുത്തത്.

മാനവികതയായിരുന്നു നവോത്ഥാനത്തിന്റെ മുഖമുദ്ര. 'മനുഷ്യൻ' എന്ന സങ്കല്പമായിരുന്നു അതിന്റെ കേന്ദ്രബിന്ദു. സമൂഹത്തിലെ അനേകമനേകം കെട്ടുപാടുകളിൽ നിന്ന് മനുഷ്യത്വത്തെ നിർദ്ധാരണം ചെയ്യുകയും അതിനെ ഉയർത്തിപ്പിടിക്കുകയുമാണ് ശ്രീനാരായണഗുരു ചെയ്തത്. ജാതിക്കും മതത്തിനും അനേകതരത്തിലുള്ള ഉച്ചനീചത്വങ്ങൾക്കുപരിയായി മനുഷ്യനെ സങ്കല്പിച്ചു മഹാഗുരു. നീചനാരിയെന്നു സ്വയം കരുതുന്ന ചണ്ഡാലിയെ സോദരി എന്നു വിളിച്ചു ബുദ്ധഭിക്ഷു (ചണ്ഡാലഭിക്ഷുകി). അന്തർജനവും അന്ത്യജനും ഒരു കൂരയിൽ ഒന്നിച്ചു കഴിഞ്ഞു(ദുരവസ്ഥ). ഓതിക്കനോട് ചെറുമി ചോദിച്ചു – 'അടിയേങ്ങളും മനുശേന്മാരല്ലേ തമ്പ്രാ?' (അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക്). സമൂഹത്തെ വേർതിരിച്ചിരുന്ന വേലിക്കെട്ടുകൾ ഒന്നൊന്നായി തകർന്നുവീണു. തകഴിയുടേയും ദേവിന്റേയും നോവലുകൾ, 'നമ്മളൊന്നു' പോലുള്ള നാടകങ്ങൾ, ചങ്ങമ്പുഴയുടെ കവിതകൾ, നിറഞ്ഞ സദസ്സിലെ കഥാപ്രസംഗങ്ങൾ – എല്ലാം പുതിയ സമൂഹസൃഷ്ടിക്കു പറ്റിയ ബോധമണ്ഡലം ഓരോരുത്തരിലും ഒരുക്കി. വൈയ്ക്കത്തും ഗുരുവായൂരും വഴി

നടക്കാനും ക്ഷേത്രത്തിൽ പ്രവേശിക്കാനും വേണ്ടിനടന്ന സമരങ്ങൾ വിവേചനത്തിനെതിരായ പ്രതിഷേധങ്ങളായിരുന്നു.

ചിന്താമണ്ഡലത്തിലും മാറ്റങ്ങൾ വന്നുകൊണ്ടിരുന്നു. ശ്രീനാരായണഗുരുവിന്റെ പ്രിയശിഷ്യൻ സഹോദരൻ അയ്യപ്പൻ 'സയൻസ് ദശകം' എഴുതി ശാസ്ത്രീയചിന്തയുടെ വരവ് അറിയിച്ചു. മനുഷ്യനെക്കുറിച്ചും പ്രപഞ്ചത്തെപ്പറ്റിയും സൗരയൂഥത്തെചുറ്റിയും ഒക്കെ പുറത്തുവന്നുകൊണ്ടിരുന്ന നൂതനാശയങ്ങൾ മലയാളിയുടെ ചിന്താമണ്ഡലത്തെ ഇളക്കിമറിച്ചു. യുക്തിവാദവും നിരീശ്വരചിന്തകളും യുവാക്കളെ മാത്രമല്ല, മുതിർന്നവരെയും ആകർഷിച്ചു. എത്രയെത്ര വിചാരവിപ്ലവങ്ങളാണ് വി.ടി., എം.സി., കുറ്റിപ്പുഴ തുടങ്ങിയവർ നാട്ടിൽ നടത്തിയത്!

ഇത്തരത്തിലുള്ള അനേകം പ്രവർത്തനങ്ങൾ നവോത്ഥാനത്തിന് ശക്തിപകർന്നു സാംസ്കാരികധാരയെ സമ്പുഷ്ടമാക്കി. ആത്മീയാചാര്യന്മാരും സജീവമായി ഈ പ്രക്രിയയിൽ പങ്കെടുത്തു. ചട്ടമ്പിസ്വാമികൾ ബ്രാഹ്മണ്യത്തെ എതിർത്തു, ബ്രാഹ്മാനന്ദ ശിവയോഗി ആനന്ദമതത്തിന്റെ വക്താവായിരുന്നു. വാഗ്ഭടാനന്ദൻ ജന്മിത്തത്തിനെ തിരായിരുന്നു. വൈക്കം അബ്ദുൾഖാദർ മൗലവിയും സി.എൻ.അഹമ്മദ് മൗലവിയും സ്ത്രീകളുടെ വിദ്യാഭ്യാസത്തെ പ്രോത്സാഹിച്ചു. അനേകം ക്രൈസ്തവ നവോത്ഥാന നായകർ കീഴാളർക്കു അക്ഷരമന്ത്രം ചൊല്ലിക്കൊടുത്തു. സമൂഹത്തിന്റെ എല്ലാ മേഖലയിലുമുള്ളവർ കേരളീയ സമൂഹത്തെ പ്രബുദ്ധമാക്കുന്നതിന് മുന്നോട്ട് വന്നു. ജാതി-മത-വർണ്ണ-ലിംഗ-ഭാഷാഭേദങ്ങൾക്ക് അതീതമായി കേരളീയന് ഒരു പൊതുമണ്ഡലം സൃഷ്ടിച്ചതാണ് നവോത്ഥാനത്തിന്റെ തിളങ്ങുന്ന സാംസ്കാരിക മുഖം.

4

സമൂഹഘടനയെ പുനർനിർണ്ണയിച്ചതിൽ സാമ്പത്തികനില പ്രധാനപ്പെട്ട പങ്കുവഹിച്ചിട്ടുണ്ട്. വിദ്യയുടെയും ഭൂമിയുടെയും അധീശത്വമാണ് ഏഷ്യൻ രാജ്യങ്ങളിലെ അസമത്വത്തിന്റെ കാരണം.

> 'Monopoly of education together with monopoly of ownership of land is the most fundamental basis of inequality and retains its hold more strongly in poor countries.'
>
> - Asian Drama, Gunner Myrdal

ദൗർഭാഗ്യവശാൽ, കേരളത്തിൽ ഇവ രണ്ടും - വിദ്യയും ഭൂമിയും - മേലാളരുടെ കുത്തകയായിരുന്നു. ബ്രഹ്മസ്വവും ദേവസ്വവും രാജസ്വവുമായിരുന്നു ഭൂമി മുഴുവനും. ഭൂരിഭാഗം വരുന്ന സാധാരണക്കാർക്ക് ഒരു തരി മണ്ണ് പോലും സ്വന്തമായി ഉണ്ടായിരുന്നില്ല, ഇവ രണ്ടും മേലാളരിൽ നിന്ന് പിടിച്ചെടുത്ത് ലക്ഷക്കണക്കിന് സാധാരണക്കാർക്ക് വിതരണം ചെയ്ത പ്രക്രിയായിരുന്നു കേരളീയ നവോത്ഥാനത്തിന്റെ

മുഖ്യസംഭാവന. മഹാത്മാ അയ്യങ്കാളി, പണ്ഡിറ്റ് കെ.പി. കറുപ്പൻ തുടങ്ങിയവരുടെ ഈ മേഖലയിലെ പ്രവർത്തനങ്ങൾ കുറച്ചൊന്നുമല്ല ഈ പ്രക്രിയയെ ത്വരിതപ്പെടുത്തിയത്.

സമൂഹപരിഷ്കരണം എന്ന നിലയിലാണ് കേരളത്തിൽ നവോത്ഥാനപ്രക്രിയ ആരംഭിച്ചത്. എങ്കിലും തുടക്കം മുതലേ നിലവിലുള്ള ഘടനയെ തകർക്കുന്ന സ്വഭാവം അതിനുണ്ടായിരുന്നു. സൂരി നമ്പൂതിരിപ്പാടിനെ തിരസ്കരിക്കുകവഴി ജന്മിത്തത്തിന്റെ ധാർഷ്ട്യത്തെയാണ് ഇന്ദുലേഖ ചോദ്യം ചെയ്തത്. ബ്രാഹ്മണർക്ക് മാത്രം വിധിച്ചിട്ടുള്ള പ്രതിഷ്ഠാകർമ്മം സ്വയം നിർവഹിക്കുക വഴി ശ്രീനാരായണഗുരു പൗരോഹിത്യത്തെ യാണ് പ്രതിസന്ധിയിലാക്കിയത്. വൈക്കം സത്യാഗ്രഹം അയിത്തത്തെയാണ് പ്രതിക്കുട്ടിലാക്കിയത്. മുപ്പതുകളോടെ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായിമാറിയ നവോത്ഥാനപ്രക്രിയ ഭാരതീയൻ, കേരളീയൻ എന്നീ നൂതന സ്വത്വബോധത്തെ ഉല്പാദിപ്പിച്ചു. ഭാരതമെന്ന പേർ കേട്ടാൽ അഭിമാനപൂരിതരാകാനും കേരളമെന്ന് കേട്ടാൽ ചോരതിളയ്ക്കാനും തുടങ്ങിയതപ്പോൾ മുതലാണ്. ജാതിമതാദി സങ്കുചിത സ്വത്വങ്ങൾക്ക് മുകളിലായിരുന്നു പുതിയ ഈ സ്വത്വനിർണ്ണയം. മുപ്പതുകളുടെ അവസാനമായതോടെ സ്വാതന്ത്ര്യമെന്നത് വൈദേശികാധിപത്യത്തിൽ നിന്നുള്ള മോചനം മാത്രമല്ലെന്നും, വിദേശികൾ വരുന്നതിനു മുൻപ് തന്നെ കേരളീയർ ജന്മിക്കും പുരോഹിതനും നാടുവാഴിക്കും അടിമയായിരുന്നെന്നും അവരിൽ നിന്നുള്ള മോചനം കൂടി സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമാണെന്നും പുരോഗമനാശയക്കാർ വാദിക്കാൻ തുടങ്ങി. ഇതിന്റെ ഭാഗമായി കർഷകസമരങ്ങളും തൊഴിലാളിസമരങ്ങളും നാടെങ്ങും പൊട്ടിപ്പുറപ്പെട്ടു. പാട്ടബാക്കി ഒഴിവാക്കാനും കുടിയൊഴിപ്പിക്കലിനെ ചെറുക്കാനുമായി നടന്ന ആ സമരങ്ങൾ വിമോചനത്തിന്റെ ജ്വലിക്കുന്ന സ്മരണകളാണ്. സ്വാതന്ത്ര്യാനന്തരം രൂപപ്പെട്ട കേരളത്തിലെ ആദ്യത്തെ മന്ത്രിസഭ ശ്രദ്ധകേന്ദ്രീകരിച്ചത് ഭൂമിയും വിദ്യയും സാധാരണക്കാർക്ക് ലഭ്യമാക്കാനാണ്. അതിന്റെ ഫലമായിട്ടാണ് നാമിന്ന് സ്വന്തം വീടുകളിൽ പാർക്കുന്നതും സമ്പൂർണ്ണസാക്ഷരത കൈവന്നെന്ന് അഭിമാനിക്കുന്നതും. നവോത്ഥാനത്തിന്റെ രാഷ്ട്രീയമായ പിൻതുടർച്ച ആയിരുന്നു ഇത്. മണ്ണിലും വിദ്യയിലും മേലാളർക്കുള്ള കുത്തക തകർത്ത നവോത്ഥാന പ്രക്രിയയാണ് ആധുനിക കേരളത്തിന് അടിത്തറയിട്ടത്. ഇതൊക്കെ മറന്നാണ് വിദ്യാസമ്പന്നരെന്ന് സമൂഹം കരുതുന്നവർ പോലും പട്ടയം കിട്ടിയ പറമ്പിൽ ലോണെടുത്തു പണിത വീട്ടിലെ മാർബിൾക്കോലായിലെ ചാരുകസാലയിലിരുന്ന് 'നവോത്ഥാനം ഞങ്ങൾക്കെന്ത് നൽകി?' എന്ന് പുച്ഛിക്കുന്നത്. ശാന്തം, പാപം!



നവോത്ഥാനത്തിന് രാഷ്ട്രീയമായും സാമ്പത്തികമായും പിന്തുടർച്ച ഉണ്ടായെങ്കിലും സാംസ്കാരികമായ പിൻതുടർച്ച അതുപോലെ ഉണ്ടായില്ല. അതിന്റെ ഒരു കാരണം, നവോത്ഥാനത്തിന്റെ മുൻപന്തിയിൽ നിന്നവർ പിൽക്കാലത്ത് നിഷ്ക്രിയരാകുകയോ തങ്ങളുടെ പ്രവർത്തനം രാഷ്ട്രീയരംഗത്ത് കേന്ദ്രീകരിക്കുകയോ ചെയ്തതാണ്. ഇത്

നവോത്ഥാനത്തിന്റെ നേട്ടങ്ങളെ വലിയൊരളവിൽ പിന്നോട്ടടിച്ചിട്ടുണ്ടെന്ന വസ്തുത ഗൗരവമായി കാണേണ്ടതുണ്ട്. നവോത്ഥാനം വളർത്തിയെടുത്ത പൊതുമണ്ഡലം ശോഷിച്ചുകൊണ്ടിരിക്കുന്നു എന്നതാണതിന്റെ ദുരന്തഫലം.

നവോത്ഥാനം പടിഞ്ഞാറൻചരക്കാണെന്ന് ചിലർ പുച്ഛിക്കാറുണ്ട്. ചരിത്രത്തിന്റെ അബോധപൂർവ്വമായ ഉപകരണങ്ങ(unconcious tools of history)ളായി വൈദേശികാശയങ്ങൾ പ്രവർത്തിച്ചിട്ടില്ലെന്നു പറഞ്ഞുകൂടാ. ഉദാഹരണത്തിന് ബ്രിട്ടീഷുകാരാണ് തനിക്ക് സന്ന്യാസം തന്നതെന്ന് ഗുരു തന്നെ പറഞ്ഞിട്ടുണ്ട്. രാമരാജ്യത്തിലെ ശംബൂകനായി മാറാതിരിക്കാൻ ഗുരുവിനെ സഹായിച്ചത് നൂതനാശയങ്ങളുടെ പ്രചാരമാണ്. എന്നാലും ജ്ഞാനോദയവും അതിലേയ്ക്ക് നയിച്ച സാഹചര്യങ്ങളും കേരളീയം തന്നെയായിരുന്നു. എല്ലാ ചിന്തകളെയും സ്വാഗതം ചെയ്യുന്ന സമന്വയത്തിന്റെ സംസ്കാരം കേരളത്തിന് ആദ്യം മുതലേ ഉണ്ട്. മതാതീതമായ സൗഹൃദവും സഹവർതിത്വവും കേരളത്തിന് സ്വന്തമാണ്. വൈവിധ്യത്തെ പുൽകുന്നതാണ് കേരളീയചേതന. ജാതിമതാന്ധത മറച്ചുവെച്ചിരുന്ന ബഹുസ്വരതയെ വെളിപ്പെടുത്തുകയാണ് നവോത്ഥാനം ചെയ്തത്.

പലതരത്തിലും നിറത്തിലും ഗുണത്തിലും മണത്തിലുമുള്ള അനേകം സൗഗന്ധികങ്ങൾ നിറഞ്ഞ മലർവാടിയാണ് മലനാട്. വൈവിദ്ധ്യമാണതിന്റെ അന്തസ്സത്ത. നമ്മുടെ ആധുനികത നവോത്ഥാനത്തിന്റെ സൃഷ്ടിയാണ് എന്നു പറയുമ്പോൾ പേർത്തും പേർത്തും നാം സ്മരിക്കേണ്ടത് ഈ ബഹുസ്വരതയുടെ സംസ്കാരത്തെയാണ്.

ജാതിയുണ്ടിവിടെ, പക്ഷേ അതുകൊണ്ടുള്ള ഭേദചിന്തയില്ല; മതങ്ങളുണ്ട്, എന്നാൽ അവയ്ക്ക് തമ്മിൽ ദ്വേഷമില്ല. അതുകൊണ്ടാണ് നമ്മുടെ നാട് എല്ലാവരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമായത്. സമൂഹത്തിന് നവോത്ഥാനം നൽകിയ ആധുനികതാബോധമാണ് ഈ മാതൃക നമുക്ക് പ്രദാനം ചെയ്തത്.

എന്നാൽ, സമൂഹത്തിനുണ്ടായ ബോധോദയം അതേ അളവിൽ വ്യക്തിചേതനയിൽ ഉണ്ടായോ എന്ന് ആലോചിക്കാവുന്നതാണ്. വീട്ടിനുള്ളിൽ പതിനഞ്ചാംനൂറ്റാണ്ടിലും സിറ്റൗട്ടിൽ ഇരുപത്തൊന്നാം നൂറ്റാണ്ടിലും തെരുവിലിറങ്ങുമ്പോൾ ഇരുപത്തിരണ്ടാം നൂറ്റാണ്ടിലുമാണ് മലയാളി ജീവിക്കുന്നതെന്നൊരു ചൊല്ല് നമ്മെപ്പറ്റിയുണ്ട്. ഇതുപറയുന്നവർ തെളിവായി ഹാജരാക്കുന്നത് നമ്മുടെ പത്രങ്ങളിലെ വിവാഹപ്പരസ്യങ്ങളും ചൊവ്വയിൽ കാലുകുത്തിയിട്ടും ആ പാവം ഗ്രഹത്തിന്റെ പേരിൽ മംഗല്യസൂത്രം നിഷേധിക്കപ്പെട്ട കന്യകമാരുടെ കണ്ണീരുമാണ്. മലയാളികളെപ്പറ്റിയുള്ള ആക്ഷേപം മാത്രമാണിതെന്ന് തെളിയിക്കേണ്ട ബാദ്ധ്യത നമ്മുടേതാണ്.

---

ഡോ. കെ.ജി. പൗലോസ്: അധ്യാപകൻ; പ്രിൻസിപ്പൽ, സംസ്കൃതകോളേജ്; റജിസ്ട്രാർ, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല; വൈസ്ചാൻസലർ, കേരളകലാമണ്ഡലം കല്പിതസർവ്വകലാശാലാ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. സിംലയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ് സ്റ്റഡിയിൽ ഫെല്ലോ ആയിരുന്നു. E-mail: kgpaulose@gmail.com, www.kgpaulose@info.com.